# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 331 11.05.2017-ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി.യുടെ പ്രവർത്തന കാര്യക്ഷമത

| | ചോദ്യം<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി.ടി.ബൽറാം : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.ഇ.ബി.യുടെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള കരാറിൽ (ഉദയ്) സംസ്ഥാനം ഒപ്പുവച്ചിട്ടുണ്ടോ; | (എ) | സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള വൈദ്യുത വിതരണ കമ്പനികളുടെ സാമ്പത്തിക നിലയും പ്രവർത്തന മികവും മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച 'ഉദയ്' പദ്ധതിയുടെ സാമ്പത്തിക ഭാഗം ഒഴിവാക്കി പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്നതിനുള്ള ഭാഗം മാത്രം ഉൾപ്പെടുത്തിയ ധാരണാ പത്രത്തിൽ 15.03.2017-ൽ ഒപ്പുവച്ചിട്ടുണ്ട്. |
| (ബി) | കെ.എസ്.ഇ.ബി.യുടെ സഞ്ചിത ബാധ്യത സർക്കാർ ഏറ്റെടുക്കുന്നതിനുള്ള കരാറിലെ സാമ്പത്തിക ഭാഗത്തിലും സംസ്ഥാനം ഒപ്പുവച്ചിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | മറ്റ് ഭൂരിപക്ഷം സംസ്ഥാനങ്ങളും കേന്ദ്രസഹായത്തോടെ കടബാധ്യത യില്ലാതാക്കുന്ന കരാറിൽ ഒപ്പുവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതി പ്രകാരം സാമ്പത്തിക ബാദ്ധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കേണ്ടതുണ്ട്. ബാദ്ധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നത് കേരളത്തിന്റെ സാഹചര്യത്തിൽ പ്രായോഗികമല്ല. മറ്റ സംസ്ഥാനങ്ങളിലെ ഇലക്ട്രിസിറ്റി കമ്പനികളുടെ കടബാധ്യതയുമായി തട്ടിച്ചു നോക്കുമ്പോൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കടബാധ്യത ആശങ്ക ഉളവാക്കുന്നതല്ല. സാമ്പത്തിക നിയന്ത്രണ പരിപാടികളിലൂടെയും, |
| (ഡി) | ഉണ്ടെങ്കിൽ കടബാധ്യത ഏറ്റെടുത്ത് കെ.എസ്.ഇ.ബി.യെ കടവിമുക്തവും, കാര്യക്ഷമവുമാക്കുന്നതിന് ലഭിച്ച അവസരത്തിൽ നിന്നും സംസ്ഥാനം | | |

| | | | |
|---|---|---|---|
| | വിട്ടുനിന്നതും അതിന് ലഭിക്കുമായിരുന്ന കേന്ദ്ര സഹായം വേണ്ടെന്ന് വച്ചതും എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ? | | കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടപ്പിലാക്കിയും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് നിലവിലുള്ള ബാധ്യത സമയബന്ധിതമായി തീർക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇക്കാരണങ്ങളാൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കടബാധ്യത ഏറ്റെടുക്കുന്ന പദ്ധതിയിൽ ചേരാൻ തീരുമാനിച്ചില്ല. |

Hemalatha

**സെക്ഷൻ ഓഫീസർ**